വൈദ്യുതി ഉൽപ്പാദനത്തിനുള്ള ചെലവ്

*11 [448] ശ്രീ. എ. സി. ഷണ്മുഖദാസ്:
,, സി. കെ. നാണു:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിനായി വൈദ്യുതി എവിടെനിന്നെല്ലാമാണ് വാങ്ങുന്നതെന്നും ആയതിലേക്ക് യൂണിറ്റിന് എത്ര രൂപ നൽകണമെന്നും വ്യക്തമാക്കാമോ;

(സി) ഈ വർഷം കേരളത്തിന്റെ ആവശ്യത്തിലേക്കായി പുറമെ നിന്ന് വാങ്ങുന്ന വൈദ്യുതിക്കായി എത്ര തുക നൽകേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 2004 ഏപ്രിൽ മുതൽ 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആവശ്യമായ വൈദ്യുതിയുടെ 51.19% ബോർഡിന്റെ ജല വൈദ്യുത നിലയങ്ങളിൽ നിന്നും താപ വൈദ്യുത നിലയങ്ങളിൽ നിന്നും ബാക്കി 48.81% വൈദ്യുതി വൈദ്യുതി ബോർഡൊഴിച്ചുള്ള സംസ്ഥാനത്തിനകത്തുള്ള മറ്റുനിലയങ്ങളിൽ നിന്നും പുറത്തുനിന്നുമായി വാങ്ങുന്നു.

(ബി) ഇന്ധനത്തിന്റെ വിലയ്ക്കനുസൃതമായി ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെങ്കിലും 2004 ഏപ്രിൽ മുതൽ 2005 ജനുവരി വരെയുള്ള കാലയളവിൽ വാങ്ങിയ വൈദ്യുതിക്ക് ഫിക്സഡ് കോസ്റ്റ്, വേരിയബിൾ കോസ്റ്റ്, വീലിംഗ് ചാർജ്ജ് എന്നീ ഇനങ്ങളിലുണ്ടായ ബോർഡിന്റെ ചെലവ് നിലയം/സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പുറമെനിന്നും വാങ്ങുന്ന വൈദ്യുതിക്കായി ഏകദേശം 1549 കോടി രൂപ നൽകേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

നെല്ലുല്പാദന രംഗത്ത് കൂട്ടുകൃഷി രീതി

*12 [449] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, നാലകത്ത് സൂപ്പി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ലാഭകരമാക്കാൻ കൂട്ടുകൃഷി സമ്പ്രദായത്തിന് സാധിക്കുമോ എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് നടപ്പിൽ വരുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ & ബി) കൂട്ടുകൃഷി സമ്പ്രദായത്തിൽ ഇപ്പോൾ സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നില്ല. എന്നാൽ നെൽകൃഷിയുടെ വികസനത്തിനായി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നെൽകൃഷി നടത്തിവരുന്നുണ്ട്. പാലക്കാട്, മലപ്പുറം തൃശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, വയനാട്, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

നെല്ലിന്റെ താങ്ങ്‌വില

*13 [450] ശ്രീ. കെ. എ. ചന്ദ്രൻ:
,, കെ. അച്ചുതൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗതൻ
,, ജോർജ് ജെ. മാത്യൂ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നതിന് സ്വീകരിക്കുന്ന നടപടി ക്രമമെന്താണ്;

(ബി) ഇക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും കർഷകരിൽനിന്നും മറ്റു ബന്ധപ്പെട്ട കക്ഷികളിൽ നിന്നും തെളിവെടുക്കാറുണ്ടോ;

(സി) നെല്ലിന്റെ താങ്ങുവില നിർണ്ണയിക്കുന്ന കാര്യത്തിൽ കർഷകരുടെയും അവരുടെ സംഘടനകളുടെയും അഭിപ്രായം ആരായുന്നതിനും അതിന് പരിഗണന കൊടുക്കുന്നതിനും ശ്രദ്ധിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. എന്നാൽ സംസ്ഥാനത്ത് നെല്ലു സംഭരണത്തിനായി സംഭരണ വില നിശ്ചയിക്കുന്നത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റികളാണ്. ഉത്പാദന ചെലവ് മാർക്കറ്റ് വില മുതലായവയുടെ അടിസ്ഥാനത്തിലാണ് നെല്ലിന്റെ സംഭരണ വില നിശ്ചയിക്കുന്നത്.

(ബി & സി) ജില്ലാതല കമ്മിറ്റികൾ സംഭരണ വില നിശ്ചയിക്കുന്നതിനു മുൻപായി കർഷക പ്രതിനിധികൾ സംഭരണ ഏജൻസികളുടെ പ്രതിനിധികൾ എന്നിവരുമായി ജില്ലാ കൃഷി ഓഫീസർ ചർച്ച ചെയ്ത ശേഷമാണ് സംഭരണ വില നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly